# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ജൂൺ 9**

---

## പ്രഫ. സാബു തോമസിന് ഗോൾഡൻ ഔൾ പുരസ്കാരം

വേൾഡ് അക്കാദമി ഓഫ് മറ്റീരിയൽ ആന്റ് മാനുഫാക്ചറിംഗ് എൻജിനിയറിംഗിന്റെ പ്രഫസർ ഫെഡ്രിക്ക് സ്റ്റൗബ് ഗോൾഡൻ ഔൾ പുരസ്കാരത്തിന് മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് നാനോ സയൻസ് ആന്റ് നാനോ ടെക്‌ളോനജി ഡയറക്ടറും മുൻ വൈസ് ചാൻസലറുമായ പ്രഫ. സാബു തോമസ് തിരഞ്ഞെടുക്കപ്പെട്ടു.

മറ്റീരിയൽ സയൻസ്, മാനുഫാക്ചറിംഗ് എൻജിനീയറിംഗ് മേഖലകളിൽ നൽകിയ സംഭാവനകൾ കണക്കിലെടുത്താണ് പോളണ്ട് ആസ്ഥാനമായുള്ള അക്കാദമിയുടെ അംഗീകാരം.

പോളിഷ് ഗവേഷകരും രാജ്യാന്തര ശാസ്ത്ര സമൂഹവും തമ്മിലുള്ള സഹകരണം ശക്തമാക്കുന്നതിൽ പ്രഫ. സാബു തോമസ് നിർണായക പങ്കുവഹിച്ചതായി അവാർഡ് നിർണയ സമിതി വിലയിരുത്തി. പോളണ്ടിലെ വിസ്വയിൽ നടന്ന ചടങ്ങിൽ പ്രഫ. സാബു തോമസിന് പുരസ്കാരം സമ്മാനിച്ചു.
(പി.ആർ.ഒ/39/441/2024)

## പി.ജി പരീക്ഷ; ഹാൾ ടിക്കറ്റ് ഇന്ന് ലഭിക്കും

മൂന്ന്, നാല് സെമസ്റ്ററുകൾ എംഎ, എംഎസ്സി, എംകോം(സി.എസ്.എസ് 2022 അഡ്മിഷൻ റഗുലർ, 2019, 2020, 2021 അഡ്മിഷനുകൾ റീ അപ്പിയറൻസ്- പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷ നാളെ(ജൂൺ 11) ആരംഭിക്കും. പരീക്ഷാ കേന്ദ്രം അനുവദിച്ചുകൊണ്ടുള്ള വിജ്ഞാപനം സർവകലാശാലാ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വിദ്യാർഥികൾ തങ്ങൾക്ക് പരീക്ഷാ കേന്ദ്രമായി അനുവദിക്കപ്പെട്ട കോളജിൽനിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവിടെ തന്നെ പരീക്ഷ എഴുതണമെന്ന് പരീക്ഷാ കൺട്രോളർ അറിയിച്ചു. മെയിൻ സെന്ററിലും സബ് സെന്ററിലും പരീക്ഷ എഴുതേണ്ടവർ അതത് കേന്ദ്രങ്ങളിൽതന്നെ എത്തണം.

ഓട്ടോണമസ് കോളജുകളിൽ രജിസ്റ്റർ ചെയ്തവരും അനുവദിക്കപ്പെട്ട പരീക്ഷാ കേന്ദ്രങ്ങളിൽനിന്ന് ഹാൾടിക്കറ്റ് വാങ്ങി പരീക്ഷ എഴുതണം.ഹാൾ ടിക്കറ്റ് ഇന്ന്(തിങ്കൾ) ഉച്ചകഴിഞ്ഞ് രണ്ടിനുശേഷം പരീക്ഷാ കേന്ദ്രങ്ങളിൽ ലഭിക്കും. ഹാൾ ടിക്കറ്റ് വാങ്ങുന്നതിനായി വിദ്യാർഥികൾ മുൻ പരീക്ഷയുടെ ഹാൾ ടിക്കറ്റോ ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖയോ ഹാജരാക്കണം.
(പി.ആർ.ഒ/39/442/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**